(സി) ഹൈക്കോടതി ഉത്തരവനുസരിച്ച് പുതുതായി അനുവദിച്ച കോളേജുകൾ എത്രയാണെന്നും അതിൽ എത്ര മാനേജുമെന്റുകൾക്ക് ഒന്നിലേറെ കോളേജുകൾ അനുവദിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബി. എഡ്. ബിരുദധാരികൾ തൊഴിൽ അന്വേഷകരായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ബി. എഡ്. ബിരുദധാരികളെയാണ് സംസ്ഥാനത്ത് ആവശ്യമുള്ളതെന്നും വെളിപ്പെടുത്താമോ;

(ഇ) 96 കോളേജുകൾ തുടങ്ങുവാൻ വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയ സാഹചര്യം എന്താണെന്നും തുടർന്ന് 21 കോളേജുകൾക്ക് മന്ത്രിസഭ അനുമതി നിഷേധിച്ച സാഹചര്യം എന്താണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ബി. എഡ്. കോഴ്സ് നടത്തുന്ന 4 സർക്കാർ ട്രെയിനിംഗ് കോളേജുകളും 17 എയ്ഡഡ് ട്രെയിനിംഗ് കോളേജുകളും 34 അൺ എയിഡഡ് ട്രെയിനിംഗ് കോളേജുകളും ഉണ്ട്. കൂടാതെ യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന ബി. എഡ്. സെന്ററുകളും ഉണ്ട്. ഇവയിലെല്ലാം കൂടി ഏകദേശം 11,000 സീറ്റുകൾ ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/എയിഡഡ് മേഖലയിൽ ബി. എഡ്. കോളേജ് അനുവദിച്ചിട്ടില്ല. 2001-ൽ 10-ഉം 2003-ൽ 64-ഉം ബി. എഡ്. കോളേജുകൾ തുടങ്ങുന്നതിന് എൻ. ഒ. സി. നൽകിയിട്ടുണ്ട്. എൻ. സി. റ്റി. ഇ.-യും യൂണിവേഴ്സിറ്റികളും സീറ്റുകളുടെ എണ്ണം നിജപ്പെടുത്തി നൽകി കോളേജുകൾ പ്രവർത്തനം ആരംഭിച്ചാൽ മാത്രമേ കൃത്യമായ വിവരം ലഭ്യമാവുകയുള്ളു.

(സി) 64 കോളേജുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഇതിൽ ഒരേ മാനേജ്മെന്റിന് ഒന്നിൽ കൂടുതൽ കോളേജിന് എൻ. ഒ. സി. നൽകിയിട്ടില്ല.

(ഡി) തൊഴിലന്വേഷകരായ 57108 ബി. എഡ്. ബിരുദധാരികൾ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എത്ര ബി. എഡ്. ബിരുദധാരികളെ ആവശ്യമുണ്ടെന്ന കണക്ക് ലഭ്യമല്ല.

(ഇ) എൻ. ഒ. സി. നൽകേണ്ട അവസാന തീയതി 2003 ഡിസംബർ 31 ആയിരുന്നതുകൊണ്ട് നൽകുകയും തുടർന്ന് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പ് 21 കോളേജുകൾക്ക് നൽകിയ എൻ. ഒ. സി. പിൻവലിക്കുകയുമായിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതി നൽകിയ ബി. എഡ്. കോളേജുകൾ

136 [688] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി. എഡ്. കോളേജുകൾ ആരംഭിക്കുന്നതിനായി പ്രാഥമികമായ ശുപാർശ ലഭിയ്ക്കുന്നതിലേയ്ക്ക് ഏതെല്ലാം കോളേജുകളാണ്/സ്ഥാപനങ്ങളാണ് അപേക്ഷ സമർപ്പിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അപേക്ഷകൾ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ബി. എഡ്. കോളേജുകൾ ആരംഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതിക്ക് ശുപാർശ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ;

(ഡി) ബി. എഡ്. കോളേജുകൾ ആരംഭിക്കുന്നതിന്/അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രാഥമിക ശുപാർശ ചെയ്യുന്നതിൽ അഴിമതി നടന്നതായി ആരോപിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്വാശ്രയ ബി. എഡ്. കോളേജ് ആരംഭിക്കുന്നതിന് എൻ. ഒ. സി.-ക്കായി അപേക്ഷ സമർപ്പിച്ച 10+291 വിദ്യാഭ്യാസ ഏജൻസികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) എൻ. സി. റ്റി. ഇ.-യും യൂണിവേഴ്സിറ്റികളും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് ഏറ്റവും മികച്ച രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും, ലബോറട്ടറി, ലൈബ്രറി മുതലായവയും ഏർപ്പെടുത്തിയ വിദ്യാഭ്യാസ ഏജൻസികളെ തിരഞ്ഞെടുക്കുകയാണ് സർക്കാർ നിയമിച്ച വിദഗ്ധ സമിതി ചെയ്തത്. സർക്കാരിന്റേതായി പ്രത്യേക മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല.

(സി) സർക്കാർ എൻ. ഒ. സി. നൽകിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം I(a), II എന്നിവയിൽ ചേർത്തിരിക്കുന്നു.†

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള ഹർജികളിലെ തീർപ്പ് അനുസരിച്ച് യുക്തമായ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സ്വാശ്രയ-സ്വകാര്യമേഖലയിൽ ബി. എഡ്./എം. എഡ്. കോളേജുകൾക്ക് അംഗീകാരം

137 [689] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly